# പെരിയാറിൽ ഉപ്പുവെള്ളം

## വ്യവസായ ശാലകൾ പ്രവർത്തനം നിർത്തുന്നു.

മണൽ വാരൽ മൂലം നീരൊഴുക്ക് ഗണ്യമായി കുറഞ്ഞതോടെ പെരിയാറിന്റെ ഉൾഭാഗങ്ങളിലേക്കു കൂടി ഉപ്പുവെള്ളമെത്തി. ആലുവ, കാലടി പ്രദേശങ്ങളിൽ കിണറുകളിൽ വെള്ളത്തിന് ഉപ്പുരസം വന്നതോടെ കുടിവെള്ളത്തിന് നിവർത്തിയില്ലാതായി. പല ശുദ്ധജല പദ്ധതികളും അവതാളത്തിലാണ്.

വ്യവസായ ശാലകൾ പലതും പ്രവർത്തനം നിർത്തിവെക്കേണ്ടി വന്നു. മണൽ വാരൽ മൂലം നദിയുടെ ആഴം കൂടിയതോടെ തീരത്തുള്ള കിണറുകളിൽ വെള്ളവും ഇല്ലാതായി. പരിസ്ഥി പ്രസ്ഥാനങ്ങൾ നൽകിയ മുന്നറിയിപ്പുകൾ അവഗണിച്ച ഭരണാധികാരികളും തൊഴിലാളികളും ബഹുജനങ്ങളും എല്ലാം ഇപ്പോൾ പ്രശ്നപരിഹാരത്തിന് കുറുക്കു വഴികൾ തേടാനുള്ള ഒരുക്കത്തിലാണ്.